കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാലാം സമ്മേളനം

2000 ജൂലായ് 17, തിങ്കൾ

വാല്യം: 111] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2000 ജൂലായ് മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ 408

മെട്രോ റെയിൽ ട്രാൻസ്പോർട്ട് പദ്ധതി

1 (* 408) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോറെയിൽ ട്രാൻസ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന് മറ്റ് ഏതെല്ലാം ഏജൻസികളുടെ സഹായം ഉണ്ടായിരുന്നു ;

(സി) സാധ്യതാ പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) കൊച്ചിയിലെ മെട്രോറെയിൽ ട്രാൻസ്പോർട്ട് പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിൽ കെ.എസ്.ഐ.ഡി.സി. ഒരു പങ്കാളിയാണ്. തിരുവനന്തപുരത്തെ പദ്ധതിയുമായി ഈ കോർപ്പറേഷന് ഇപ്പോൾ ബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചിയിലെ പദ്ധതിക്ക് ജി.സി.ഡി.എ., കൊച്ചി കോർപ്പറേഷൻ, എറണാകുളം ജില്ലാ പഞ്ചായത്ത്, ആലുവ, കളമശ്ശേരി, തൃപ്പൂണിത്തുറ, അങ്കമാലി എന്നീ മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹായമുണ്ട്. ജി.സി.ഡി.എ. ആണ് നോഡൽ ഏജൻസി.

(സി) ന്യൂഡൽഹി ആസ്ഥാനമായുള്ള "റൈറ്റ്സ്"എന്ന സ്ഥാപനമാണ് സാദ്ധ്യതാ പഠനം നടത്തുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി .....

ശ്രീ. ബി. വിജയകുമാർ : അതല്ല ചോദ്യത്തിന്റെ ഹെഡ്ഡിംഗ് തന്നെ 'മെട്രോ റെയിൽ ട്രാൻസ്പോർട്ട് പദ്ധതി' എന്നാണ്. (..... ബഹളം.....)

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി ചോദ്യം ചോദിക്കുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : മെട്രോ റെയിൽവേയെക്കുറിച്ചാണ് എന്റെ ചോദ്യം, അതിൽ കെ.എസ്.ഐ.ഡി.സി.യും വരും. സ്വാഭാവികമായും ഇതിനു മറുപടി പറയേണ്ടത് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയാണ്. അല്ലെങ്കിൽ മുഖ്യമന്ത്രിയാണ്. ഇവിടെ തന്ന ഉത്തരത്തിൽ, (മെട്രോ റെയിൽവേ സ്റ്റഡി, കൊച്ചി) അതിൽ കെ.എസ്.ഐ.ഡി.സി. 10 ലക്ഷം രൂപ കോൺട്രിബ്യൂട്ട് ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം. കൊച്ചിയിലെ മെട്രോ റെയിൽവേ സ്റ്റഡി പൊലെതന്നെയാണ് തിരുവനന്തപുരവും. തിരുവനന്തപുരത്ത് നടക്കുന്നത് മെട്രോ റെയിൽവേ സ്റ്റഡിയാണോ : അതോ മെട്രോ സ്റ്റാറ്റിസ്റ്റിക്സ് സ്റ്റഡിയാണോ ; തിരുവനന്തപുരത്ത് ഈ വ്യത്യാസം വരാൻ കാരണമെന്താണ് ; എങ്ങനെ ഈ വ്യത്യാസം ഉണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : തിരുവനന്തപുരത്ത് ഈ സ്റ്റഡിയുമായി കെ.എസ്.ഐ.ഡി.സി. യെ ആദ്യം ബന്ധപ്പെടുത്തിയിരുന്നു. എന്നാൽ അതിനുശേഷം നോഡൽ ഏജൻസിയായി ഗതാഗതവകുപ്പ് പ്രവർത്തിക്കുവാൻ തുടങ്ങി. ഇപ്പോൾ തിരുവനന്തപുരത്തെ പദ്ധതിയുമായി കെ.എസ്.ഐ.ഡി.സി. ക്ക് ബന്ധമില്ല.

ശ്രീ. തമ്പാനൂർ രവി : ജി.സി.ഡി.എ: ആയാലും കെ.എസ്.ഐ.ഡി.സി. ആയാലും ഒക്കെ ഗവൺമെന്റിന്റെ കീഴിലുള്ള ഏജൻസികളാണ്. സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രത്യേക പരിഷ്ക്കാരം വരുത്താൻവേണ്ടി, യാത്രാ സൗകര്യം മെച്ചപ്പെടുത്താൻവേണ്ടി ഇത്തരത്തിൽ ഒരു പഠനം നടത്തുമ്പോൾ സംസ്ഥാന നോഡൽ ഏജൻസിയായി നടത്താതെ മറ്റാരെയെങ്കിലും ഏൽപ്പിക്കുന്നത് ശരിയാണോ ; കൊച്ചിയിലെ സ്റ്റഡി റൈറ്റ്സ് എന്ന കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനം നടത്തുമ്പോൾ തിരുവനന്തപുരത്ത് 'സെസ്' എന്ന സ്വകാര്യ ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത് എന്നാണ് അറിയുവാൻ സാധിച്ചത്. ഒരേ കാര്യത്തിന്

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന് രണ്ട് നയമാണ്. ഒരിടത്ത് കേന്ദ്ര പബ്ലിക് സെക്ടറും ഇവിടെ സ്വകാര്യ ഏജൻസിയും. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു ; കേരളത്തിലുള്ള കൊച്ചിയിലെയും തിരുവനന്തപുരത്തെയും മെട്രോ റെയിൽവേ സ്റ്റഡി കേരളാ ഗവൺമെന്റ് നോഡൽ ഏജൻസിയായി ഗവൺമെന്റ് നിയന്ത്രണത്തിലും നേതൃത്വത്തിലും നടത്തുവാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇവിടത്തെ സ്റ്റഡിയെ സംബന്ധിച്ച്, നോഡൽ ഏജൻസിയായി ഗതാഗതവകുപ്പ് പ്രവർത്തിക്കുവാൻ തുടങ്ങി. അത് സംബന്ധിച്ച് പ്രത്യേക ഗവൺമെന്റ് ഓർഡറും വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്. - കൊച്ചിയെ സംബന്ധിച്ചിടത്തോളം ജി.സി.ഡി.എ. ആണ് നോഡൽ ഏജൻസി. അവർ വച്ചിട്ടുള്ള ഘടകങ്ങൾ എല്ലാപേരുംകൂടിയാണ് കോൺട്രിബ്യൂട്ട് ചെയ്യുന്നത്. അവരാണ് റൈറ്റ്സിനെ നിയമിച്ചത്. ഇതിൽ കെ.എസ്.ഐ.ഡി.സി. ക്ക് പങ്കില്ല. തിരുവനന്തപുരത്തെ സംബന്ധിച്ച് മറ്റ് എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ അത് ഗവൺമെന്റ് പരിശോധിച്ചിട്ട് ചെയ്യുന്നതാണ്.

ഡോ. എം. എ. കുട്ടപ്പൻ : 17-6-1998-ൽ കേരളാ ഗവൺമെന്റ് കേന്ദ്ര സ്ഥാപനമായ 'റൈറ്റ്സ്'-ന് ഈ സ്റ്റഡി നടത്തുവാൻവേണ്ടി ചുമതലപ്പെടുത്തി എന്ന് അറിയിച്ചിട്ടുണ്ട്. ഇങ്ങനെ റൈറ്റ്സി-നെ ചുമതലപ്പെടുത്തിയത് എന്ത് അടിസ്ഥാനത്തിലാണ് : ഇതിന് ടെണ്ടർ നടത്തിയിട്ടുണ്ടോ ; 65 ലക്ഷം രൂപ എന്ത് അടിസ്ഥാനത്തിലാണ് അനുവദിച്ചത്. എന്ത് മാനദണ്ഡത്തിലാണ് ഈ ജോലി റൈറ്റ്സ്-നെ ഏല്പിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി സുശീലാ ഗോപാലൻ : 65 ലക്ഷം രൂപയാണെന്ന് തീരുമാനിച്ചു. അത് ഇപ്പോൾ കുറച്ച് 60 ലക്ഷം രൂപയാക്കി. അന്നത്തെ സർക്കാർ ഉത്തരവ് പ്രകാരമാണ് റൈറ്റ്സ് നെ നിയമിക്കാൻ തീരുമാനിച്ചത്. അതനുസരിച്ച് ആളുകളെ ഏർപ്പാട് ചെയ്യുകയാണ് ചെയ്തത്.

ഡോ. എം. എ. കുട്ടപ്പൻ : എന്റെ ചോദ്യത്തിലെ പ്രധാനഭാഗം ടെണ്ടർ ചെയ്തത് എങ്ങനെയാണ് എന്നതായിരുന്നു. അതിനു മറുപടി പറഞ്ഞില്ല. എന്റെ രണ്ടാമത്തെ ചോദ്യത്തിന് മറുപടി പറയുമ്പോൾ ഇതിനുംകൂടി മറുപടി പറഞ്ഞാൽ കൊള്ളാം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് (സി)-യിൽ അനുബന്ധമായി ചേർത്തിരിക്കുന്നു എന്നാണ്. അനുബന്ധം ഞാൻ വായിച്ചുനോക്കി. പക്ഷെ അതിനെക്കുറിച്ച് ആവശ്യമായ ഒരു കാര്യവും കാണുന്നില്ല. രണ്ടുവർഷം മുൻപ് ഏജൻസിയെ ഏല്പിച്ചതിനുശേഷമുള്ള സാദ്ധ്യതാ പഠനത്തിന്റെ വിശദാംശമൊന്നും അനുബന്ധത്തിൽ വ്യക്തമല്ല. അതുകൊണ്ട് ഏതു ഘട്ടം വരെയായി ഈ പഠനം എന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ; അതോടൊപ്പം ടെണ്ടറിന്റെ കാര്യം കൂടി വ്യക്തമാക്കണം. ടെണ്ടർ നടത്തിയോ ഇല്ലയോയെന്ന്.

ശ്രീമതി സുശീലാ ഗോപാലൻ : മെട്രോ റെയിൽവേ പ്രോജക്ട് കൊച്ചി; കൊച്ചിയെ സംബന്ധിച്ച് കേരളാ ഗവൺമെന്റ് 17-6-1998 -ലാണ് നിയമിച്ചത്. ഇതിനുവേണ്ടി ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

60 ലക്ഷം രൂപയാണ് ഇതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളത്. ജി.സി.ഡി.എ., കൊച്ചിൻ കോർപ്പറേഷൻ, കെ.എസ്.ഐ.ഡി.സി., ഡിസ്ട്രിക്ട് പഞ്ചായത്ത് എറണാകുളം, മുനിസിപ്പാലിറ്റി ഓഫ് ആലുവ, തൃപ്പൂണിത്തുറ, കളമശ്ശേരി, അങ്കമാലി ഇവരൊക്കെകൂടിയാണ് കോൺട്രിബ്യൂട്ട് ചെയ്തിട്ടുള്ളത്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ റൈറ്റ്സ് ആണ് ഇത് നടത്താൻ പറ്റിയ സ്ഥാപനം എന്നുള്ള നിലയിൽ ഗവൺമെന്റ് തന്നെയാണ് അവരെ ഏല്പിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ടെണ്ടർ ചെയ്തത് സംബന്ധിച്ച മറുപടി പറയാത്തത് എന്തുകൊണ്ടാണ്?

ഡോ. എം.എ. കുട്ടപ്പൻ : ടെണ്ടർ ചെയ്തോ ഇല്ലയോ?

മി. സ്പീക്കർ : ശ്രീ. ബി. വിജയകുമാർ .....

ശ്രീ. ബി. വിജയകുമാർ : തിരുവനന്തപുരം മെട്രോ റെയിൽവേയെക്കുറിച്ച് എന്റെ ഒരു ചോദ്യം ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇവിടെ നൽകിയിരിക്കുന്ന മറുപടിയിൽ തിരുവനന്തപുരം മെട്രോ റെയിൽവേയെക്കുറിച്ച് പറഞ്ഞിട്ടേയില്ല. തിരുവനന്തപുരം പദ്ധതിയുമായി കെ.എസ്.ഐ.ഡി.സി. യ്ക്ക് ബന്ധമില്ല എന്നു മാത്രമേ പറയുന്നുള്ളൂ. എന്റെ രണ്ടാമത്തെ ചോദ്യത്തിൽ (ബി) യിൽ ഇതിനു മറ്റ് ഏതെല്ലാം ഏജൻസികളുടെ സഹായം ഉണ്ടായിരുന്നു ; എന്ന ചോദ്യത്തിനും മറുപടി കൊച്ചി മാത്രമേയുള്ളൂ. തിരുവനന്തപുരത്തെക്കുറിച്ച് പറയുന്നേയില്ല. എനിക്ക് അറിയേണ്ടത് മെട്രോ റെയിൽവേ സ്ഥാപിക്കുന്നത് സംബന്ധമായ ഒരു പഠനം നടത്താൻ നോഡൽ ഏജൻസിയായി ട്രിഡയെ നിയമിച്ചു. അത് സംബന്ധിച്ച് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മറുപടി പറഞ്ഞാലും മതി. വ്യവസായ വകുപ്പുമന്ത്രി സമ്മതിച്ച് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മറുപടി പറഞ്ഞാൽ മതി. വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടി വേണ്ട. വിഷയം അറിയാതെ ആരെങ്കിലും മറുപടി പറഞ്ഞാൽ മതിയോ ; വിഷയം അറിയണ്ടേ ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ചോദ്യത്തിന് ഏത് മന്ത്രിക്കും മറുപടി പറയാം.

മി. സ്പീക്കർ : നിങ്ങളുടെ ചോദ്യം എന്താണ് ?

ശ്രീ. ബി. വിജയകുമാർ : ***** തിരുവനന്തപുരം മെട്രോ റെയിൽ സ്ഥാപിക്കുന്നതിന് നോഡൽ ഏജൻസിയായി 'ട്രിഡ' യെ നിശ്ചയിക്കുകയും അതു ടെൻഡർ ചെയ്യുകയും ചെയ്തു. അതിനെക്കുറിച്ച് ഇവിടെ മറുപടിയിൽ ഒന്നും പറയുന്നില്ല. തിരുവനന്തപുരത്ത് മെട്രോ റെയിൽവേ സ്ഥാപിക്കുന്നതിന് ഏത് ഏജൻസിയെയാണ് ഗവൺമെന്റ് നിയമിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : അതിനെക്കുറിച്ച് നേരത്തെ തന്നെ ഞാൻ പറഞ്ഞു. അത് ശ്രദ്ധിക്കാത്തതുകൊണ്ടാണ് മനസ്സിലാകാത്തത്. ഗതാഗത വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തനം ആരംഭിച്ചത്. അവരെയാണ് ചുമതലപ്പെടുത്തിയത്.

***** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഏതു വകുപ്പായാലും മറുപടി പറഞ്ഞാൽ മതി. അങ്ങയുടെ രണ്ടാമത്തെ ചോദ്യം ചോദിക്കൂ.

ശ്രീ. ബി. വിജയകുമാർ : ബഹുമാനപ്പെട്ട മന്ത്രി പറയുന്നു ഗതാഗത വകുപ്പാണ് ഇത് ചെയ്യുന്നതെന്ന് എന്തടിസ്ഥാനത്തിൽ ചോദ്യം ചോദിക്കണം ? ***** അതിനു പറ്റിയ..... (ബഹളം.)

മി. സ്പീക്കർ : ഞാൻ ഒരു കാര്യം പറയുകയാണ്. ഇവിടെ ഒച്ചപ്പാടുണ്ടാക്കിയതുകൊണ്ട് കാര്യമില്ല ഇന്നത്തെ ചോദ്യത്തിന്റെ ഫയൽ ഞാനെടുത്തു. ഒന്നാമത്തെ സ്റ്റാർഡ് ചോദ്യത്തിന്റെ ഫയലാണ് എടുത്തത്. അതു ഞാൻ വായിക്കാം. ഫസ്റ്റ് പ്രയോറിറ്റിയിൽ വന്നത്, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. തമ്പാനൂർ രവി, ശ്രീ. ബി. വിജയകുമാർ, ശ്രീ. പാലോട് രവി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യമാണ്. ചോദ്യം വായിക്കാം. എല്ലാം ഒരേ രൂപത്തിലുള്ള ചോദ്യങ്ങളാണ്. അതിന്റെ കോപ്പിയാണ്. ബഹുമാനപ്പെട്ട വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി ഉത്തരം നൽകുമോ എന്നാണ് ..... (ബഹളം) ..... ശ്രീ. തമ്പാനൂർ രവിയുടെ ചോദ്യമാണ് ഞാൻ വായിച്ചത്. ശ്രീ. ബി. വിജയകുമാറിന് സെക്കന്റ് പ്രയോറിറ്റിയാണ്. അതും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ദയവായി ഉത്തരം നൽകുമോ.....(ബഹളം).....തീർന്നില്ല. ശ്രീ.ബി. വിജയകുമാറിന്റെ ചോദ്യത്തിലെ (എ) പിരിവ്, തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോ റെയിൽ ട്രാൻസ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. സാങ്കേതിക സാമ്പത്തിക സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ; അങ്ങു കാണാതെ, ഒപ്പിടാതെ കൊടുത്തതാണോ ചോദ്യം. (ബി) യിൽ ഇതിന് മറ്റേതെല്ലാം ഏജൻസികളുടെ സഹായമുണ്ടായിരുന്നു. (സി) യിൽ സാദ്ധ്യതാപഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ? എന്നിവയാണ്. ഇത് അങ്ങയുടെ ഒപ്പോടുകൂടിയ ചോദ്യമാണ്. ആവശ്യമില്ലാതെ സഭയുടെ ..... ചോദ്യങ്ങളുൾപ്പെടെ പരിശോധിച്ചിട്ടാണ് ചെയറിലിരിക്കുന്നത്. അതുകൊണ്ടാണ് പറയുന്നത്. സാധാരണഗതിയിൽ ഒരിക്കലും ചെയറിൽ നിന്ന് ഇത്രയും വിശദീകരണം ഉണ്ടാകാറില്ല. അത് ചെയ്യേണ്ട കാര്യവുമില്ല. ഇവിടെ വലിയ ഒച്ചപ്പാടുണ്ടാക്കുക ചോദ്യകർത്താക്കൾ തന്നെ ചോദ്യം ചെയ്യുക ഇങ്ങനെയായാൽ എന്താണ് ചെയ്യുക ? ശ്രീ. ആര്യാടൻ മുഹമ്മദിന് പറഞ്ഞാൽ മനസ്സിലാകും. പക്ഷേ ചോദ്യകർത്താക്കൾ ഇങ്ങനെ പറഞ്ഞാലോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ടെണ്ടറിനെക്കുറിച്ച് ഉത്തരം പറയാത്തത് അതു കൊണ്ടാണോ ?

മി. സ്പീക്കർ : അതു വേറെ വിഷയമാണ്. അങ്ങേയ്ക്ക് ചോദ്യമുണ്ടോ ?

ശ്രീ. ബി. വിജയകുമാർ : ചോദ്യമുണ്ട്. തിരുവനന്തപുരത്ത് ഒരു സ്വകാര്യ ഏജൻസിയായ 'സെസ്'-നെ ഏൽപ്പിച്ച് സാദ്ധ്യതാ പഠനം നടത്താൻ 21-12-1999-ൽ 7.6 ലക്ഷം രൂപ അഡ്വാൻസ് കൊടുക്കാൻ അന്നത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഉത്തരവിടുകയും 23-ാം തീയതി തന്നെ 7.6 ലക്ഷം രൂപ ആ സ്വകാര്യ ഏജൻസിക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പി.ഡബ്ല്യൂ.ഡി. ക്ക് കോടിക്കണക്കിന് രൂപ കൊടുക്കാൻ ഉള്ളപ്പോൾ സാദ്ധ്യതാപഠനത്തിന് ഗവൺമെന്റ് ഇത്ര തിടുക്കത്തിൽ പണം എങ്ങനെ നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനു വേറെ ചോദ്യം തന്നെങ്കിൽ മാത്രമേ മറുപടി പറയാൻ കഴിയൂ.

മി. സ്പീക്കർ : പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പാലോട് രവി : എനിക്ക് ഇതിനകത്ത് അറിയേണ്ട വസ്തുത ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറയേണ്ടതാണ്. ഇപ്പോൾ കൂട്ടുത്തരവാദിത്വമാണല്ലോ ? എനിക്കും അങ്ങേയ്ക്കും സഭയ്ക്കും അറിയേണ്ടത് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറയേണ്ട മറുപടിയാണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കുമാത്രമേ ഈ ഫയലുള്ളൂ. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണല്ലോ? അങ്ങയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മെട്രോ റെയിൽവേയെക്കുറിച്ച് പഠിക്കുന്നതിന് നാല് കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിരുന്നു. ആ കോൺഫറൻസിൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തു. ആ കോൺഫറൻസിൽ ഇത് പൊതുമേഖലാസ്ഥാപനമായ 'റൈറ്റ്സ്' ന് കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കുന്നതാണെന്ന് ചീഫ്സെക്രട്ടറിയും അങ്ങും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും മറ്റു ഉദ്യോഗസ്ഥന്മാരും പങ്കെടുത്ത ആ യോഗത്തിൽ വച്ച് ഉറപ്പ് നൽകിയിരുന്നു. ആ ഉറപ്പിനെ സംബന്ധിച്ച് ഉത്തരം പറയുന്ന വ്യവസായ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അറിയാമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇത് സംബന്ധിച്ച് പ്രത്യേക ചോദ്യം നേരത്തെയില്ലാത്തതുകൊണ്ട് നോക്കാൻ കഴിഞ്ഞില്ല. വിശദാംശങ്ങൾ പറയാൻ നേരത്തെ ചോദ്യമുണ്ടെങ്കിൽ മാത്രമേ കഴിയൂ. എന്റെ ചോദ്യത്തിൽ അതില്ല. കെ.എസ്.ഐ.ഡി.സി. യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മാത്രമേയുള്ളൂ. റൈറ്റ്സ്-നെ കെ.എസ്.ഐ.ഡി.സി. കൊച്ചിക്കു വേണ്ടി തെരഞ്ഞെടുക്കുമ്പോൾ പൊതുമേഖലാസ്ഥാപനമെന്ന് മാത്രമല്ല. കേന്ദ്ര സർക്കാരിന്റെ സബ്സിഡി കിട്ടണമെങ്കിൽ 'റൈറ്റ്സ്' നെ എടുക്കേണ്ടത് പ്രധാനമാണെന്ന് കണ്ടതുകൊണ്ടാണ് എടുത്തത്.

ശ്രീ. പാലോട് രവി : ഞാൻ സമയം കളയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് രണ്ടാമത്തെ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : പോയിന്റ് ഓഫ് ഓർഡർ. മെട്രോ റെയിൽവെയെ സംബന്ധിച്ച് തിരുവനന്തപുരത്ത് കെ.എസ്.ഐ.ഡി.സി. പഠനം നടത്തിയിട്ടുണ്ടോ എന്ന ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു. ആ അവസരത്തിൽ ***** എന്നെല്ലാം ഒരു മെമ്പർ പറയുകയുണ്ടായി. ചോദ്യം എന്താണെന്ന് മനസ്സിലാക്കാതെ എഴുതിക്കൊടുത്ത് സഭയിലുന്നയിച്ചിട്ട് ഇങ്ങനെ പറയുന്ന നടപടി ഓർഡറിലാണോ?

***** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖയിലുണ്ടാകുകയില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : തിരുവനന്തപുരത്ത് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ മെട്രോ റെയിൽവേ വേണമെന്നുള്ളതു ശരിയാണ്. ഇത് സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണ്ടതുണ്ട്. വിവരക്കേട് എഴുതിവച്ചിട്ട് ***** മന്ത്രിമാരെന്നു പറയാമോ ? മറ്റു പഠനങ്ങൾ പോലെതന്നെ മെട്രോ റെയിൽവേ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഐ.സി.ഡി. -യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നതാണ് ചോദ്യം. അതു സംബന്ധിച്ച് ഇനിയെന്തെങ്കിലും നടപടി കെ.എസ്.ഐ.ഡി.സി. എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഗവൺമെന്റ് പ്രത്യേകമായി ചുമതലപ്പെടുത്തിയാൽ മാത്രമേ കെ.എസ്.ഐ.ഡി.സി.ക്ക് അത് ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. എം. ജേക്കബ് : ചോദ്യോത്തര വേളയിൽ ക്രമ പ്രശ്നമില്ലെന്ന് ശ്രീ. ആനത്തലവട്ടം ആനന്ദൻ മനസ്സിലാക്കണം.

മി. സ്പീക്കർ : ചോദ്യോത്തരവേളയിൽ ചോദ്യോത്തരമല്ലാതെ മറ്റൊന്നുമില്ല.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം ഞാൻ വായിച്ചുനോക്കി. ഇതിനകത്ത് രണ്ട് ഡിപ്പാർട്ടുമെന്റും കണക്റ്റഡ് ആണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സ്വാഭാവികമായും ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ വ്യൂ എടുക്കുന്നതിൽ തെറ്റില്ല. അതുംകൂടി എടുത്തിട്ട് മറുപടി പറയുന്നതാണ് ഉചിതം. ഒരു ഗവൺമെന്റ് ഉത്തരവ് പകാരം 'റൈറ്റ്സ്' എന്ന സ്ഥാപനത്തിന് സാദ്ധ്യതാ പഠനം നടത്താനുള്ള അനുവാദം നൽകിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായുള്ള ഒരു സ്ഥാപനമാണ് 'റൈറ്റ്സ്'. 'റൈറ്റ്സ്'-നെ ഇത് ഏല്പിച്ചതിനും കെ.എസ്.ഐ.ഡി.സി. ഇതിനകത്ത് ഒരു പങ്കാളിയായതിനും ഫോളോ ചെയ്ത നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ ; ടെണ്ടർ ചെയ്തിട്ടാണോ അതോ ഡയറക്ടായിട്ട് കൊടുക്കുകയാണോ?

ശ്രീമതി സുശീലാ ഗോപാലൻ : 'റൈറ്റ്സ്' കേന്ദ്ര സർക്കാരിന്റെ സ്ഥാപനമാണ്. അവിടെ നിന്ന് സബ്സിഡി ലഭിക്കണമെങ്കിൽ 'റൈറ്റ്സ്' ന് കൊടുത്തേ പറ്റൂ. കേന്ദ്ര സർക്കാരിന്റെ സബ്സിഡി കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവരെ ഏൽപ്പിച്ചത്. അതിന് പ്രത്യേകം ടെണ്ടർ ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ജി. സുധാകരൻ : കേരളത്തിൽ ആരംഭിക്കുന്നതിനുവേണ്ടി സാദ്ധ്യതാപഠനം നടക്കുന്ന മെട്രോ റെയിൽവേയ്ക്ക് ഇന്ത്യൻ റെയിൽവേയുമായിട്ടുള്ള ബന്ധമെന്താണെന്ന് വ്യക്തമാക്കാമോ; ഇന്ത്യാ ഗവൺമെന്റിന്റെ എന്തെല്ലാം സഹായം ഇതിനുകിട്ടുമെന്ന് കെ.എസ്.ഐ.ഡി.സി. അന്വേഷിച്ചിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : സർക്കാരാണ് കെ.എസ്.ഐ.ഡി.സി. യെ ചുമതല ഏല്പിച്ചത്. അവർ അതിനെപ്പറ്റി പഠനം നടത്തി. അതിന്റെ നോഡൽ

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയായി കൊച്ചിയിലെ ജി.സി.ഡി.എ.-യെ യാണ് ഏർപ്പാടു ചെയ്തത്. അതുകൊണ്ട് ജി.സി.ഡി.എ. ആണ് അതിനെ സംബന്ധിച്ച് മറ്റുള്ള കാര്യങ്ങൾ പഠിച്ചിട്ടുള്ളത്. കെ.എസ്.ഐ.ഡി.സി. യെ അതിന് ചുമതലപ്പെടുത്തിയിരുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിൽ 1994-ൽ ആരംഭിച്ചതാണ് ഈ പരിപാടി. ഇതിന്റെ സാദ്ധ്യതാപഠനവും മറ്റും ഏല്പിച്ചത് തിരുവനന്തപുരത്തെ സർക്കാരിന്റെതന്നെ ഒരു സ്ഥാപനത്തെയാണ്. ഈ അടുത്തകാലത്ത് കൊങ്കൺ റെയിൽവേയുടെ പണി പൂർത്തിയാക്കിയ ശ്രീ. ശ്രീധരൻ കേരളത്തിൽ വരികയും അദ്ദേഹം ഇത് നടപ്പിലാക്കാൻ കഴിയുന്ന ചില കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് നിർദ്ദേശം നൽകുകയും ചെയ്തുവെന്ന് പത്രത്തിൽ വാർത്തയുണ്ടായിരുന്നു. ഇത് തുടങ്ങിയിട്ട് നാലഞ്ച് വർഷം കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇത് ആരംഭിച്ചത്. ശ്രീ. ശ്രീധരനാണ് ഇപ്പോൾ ഡെൽഹി മെട്രോ റെയിൽവേയുടെ ചുമതല വഹിക്കുന്നത് എന്നാണ് പത്രത്തിൽ കണ്ടത്. എന്തെങ്കിലും തരത്തിൽ അദ്ദേഹത്തെപ്പോലെയുള്ള ആരെയെങ്കിലും ചുമതലപ്പെടുത്തി, പുറത്തുനിന്നോ എവിടെനിന്നെങ്കിലും സാമ്പത്തിക സഹായം തേടി ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് എന്തു നിലപാടാണ് സ്വീകരിക്കുന്നത്. അങ്ങനെ എന്തെങ്കിലും ഏർപ്പാടിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ പഠനത്തെ അടിസ്ഥാനമാക്കി കാര്യങ്ങൾ ചെയ്യുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. തീർച്ചയായും കിട്ടാവുന്ന സഹായങ്ങൾ കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടിയാൽ മാത്രമേ ഈ പ്രവർത്തനങ്ങൾ നടക്കൂ. സാദ്ധ്യതാ പഠനത്തിനുശേഷമേ അത് പറയാൻ പറ്റുകയുള്ളൂ.

ശ്രീ. പി. രാജു : കൊച്ചിയിൽ മെട്രോ റെയിൽ സംബന്ധിച്ച പഠനം നടത്തുന്നതിന് 'റൈറ്റ്സ്' എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇപ്പോൾ ജി.സി.ഡി.എ. ആണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. ജി.സി.ഡി.എ.യും കൊച്ചി കോർപ്പറേഷനും എറണാകുളം ജില്ലാ പഞ്ചായത്തും ആലുവ, കളമശ്ശേരി, അങ്കമാലി മുനിസിപ്പാലിറ്റികളും ഏകകണ്ഠമായിട്ടാണ് 'റൈറ്റ്സ്' എന്ന കമ്പനിയെ ഇത് ഏല്പിക്കാൻ തീരുമാനിച്ചത്. അങ്ങനെ തീരുമാനിക്കാനുണ്ടായ കാരണം, ഇന്ത്യാ രാജ്യത്തെ പൊതുമേഖലയിലുള്ള ഏക സ്ഥാപനമാണ് ഈ പഠനം നടത്താൻ കഴിയുന്ന റൈറ്റ്സ് എന്ന കമ്പനി. മറ്റാരെ ഏല്പിച്ചാലും പരാതികളുണ്ടാകും. ഈ നിയമസഭയിലെ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ജി.സി.ഡി.എ. യിലും മുനിസിപ്പാലിറ്റിയിലുമുണ്ട്. അവരെല്ലാം ചേർന്നുകൊണ്ടാണ് 'റൈറ്റ്സ്' എന്ന കമ്പനിയെ ഇതിന്റെ പഠനം നടത്താൻ ഏല്പിച്ചിട്ടുള്ളത്. ഇതിനുള്ള കോൺട്രിബ്യൂഷൻ ഞാൻ നേരത്തേ പറഞ്ഞതുപോലെ മുനിസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തും ജി.സി.ഡി.എ.-യും വഹിക്കുന്നുണ്ട്. ജി.സി.ഡി.എ. ഇതിന്റെ നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കേണ്ട സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. അങ്ങനെ വായ്പ എടുക്കേണ്ടിവരുമ്പോൾ അതിന് ഗവൺമെന്റ് ഗ്യാരന്റി നൽകാനാവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ചെലവിന്റെ 40 ശതമാനം സബ്സിഡി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്ന് ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് റൈറ്റ്സ്-നെ കൊച്ചിയിലെ പഠനത്തിന് ചുമതലപ്പെടുത്തിയത്. ഏകദേശം 40 ലക്ഷം രൂപ അങ്ങനെ സബ്സിഡിയായി കിട്ടാറുണ്ട്. അങ്ങനെ നോക്കിയിട്ടാണ് ഫീസിബിലിറ്റി സ്റ്റഡി നടത്തിയത്. സ്റ്റഡി നടത്തിയതിനുശേഷം തീർച്ചയായും റെയിൽവേയുമായി ബന്ധപ്പെട്ട് പരമാവധി സഹായങ്ങൾ ലഭിക്കുന്നതിന് പരിശ്രമം നടത്തുന്നതാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : സാദ്ധ്യതാപഠനം ഏല്പിച്ചത് സംബന്ധിച്ചുമാത്രമാണ് ഇതുവരെയുള്ള മറുപടി മുഴുവനും. സാദ്ധ്യതാപഠനത്തിന്റെ വിശദാംശം ഇവിടെ വെളിപ്പെടുത്തിയിട്ടുണ്ട്. സാധ്യതാപഠനത്തിന്റെ വെളിച്ചത്തിൽ എന്തു തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി സുശീലാ ഗോപാലൻ : 'റൈറ്റ്സ്'-ന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷമേ മറ്റുള്ള ഡീറ്റെയിൽസ് തീരുമാനിക്കുകയുള്ളൂ.

ശ്രീ. എം. വി. ജയരാജൻ : കെ.എസ്.ഐ.ഡി.സി. സാങ്കേതിക സാമ്പത്തിക സാദ്ധ്യതാപഠനത്തിനുവേണ്ടി ഇതിനകം ഏത്ര രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്..ഐ.ഡി.സി. ഈ പഠനത്തിന് വേണ്ടിമാത്രം ചെലവഴിച്ചതുക എത്ര ; ഇതിന് ജി.സി.ഡി.എ., കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വല്ല സഹായവും കെ.എസ്.ഐ.ഡി.സി. ക്ക് കിട്ടിയിട്ടുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : 10 ലക്ഷം രൂപയാണ് ഇതിനുവേണ്ടി ജി.സി.ഡി.എ.യെ ഏല്പിച്ചിട്ടുള്ളത്. ഈ സാദ്ധ്യതാ പഠനത്തിന് 60 ലക്ഷം രൂപയാണ് ഉദ്ദേശിക്കുന്നത്. 65 ലക്ഷം രൂപയാണ് ഉദ്ദേശിച്ചതെങ്കിലും അതിപ്പോൾ 60 ലക്ഷം ആയി ചുരുങ്ങിയിട്ടുണ്ട്. അതിൽ 10 ലക്ഷം രൂപ കെ.എസ്.ഐ.ഡി.സി. യെ ആണ് ഏല്പിച്ചിട്ടുള്ളത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : കണിശമായും മെട്രോ റെയിൽ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ടതല്ല, അതേസമയം റെയിൽവേയും റോഡ് ട്രാൻസ്പോർട്ടുമായിട്ടുമെല്ലാം ബന്ധപ്പെട്ടുള്ള ഒരു പൊതു ചോദ്യമാണിത്. അത് മലബാറിലെ ലെവൽ ക്രോസ്സുകളെ സംബന്ധിച്ചാണ്. മെട്രോ റെയിലിനെപ്പോലെയുള്ള കാര്യങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കുമ്പോൾ വളരെ ഗൗരവമായിട്ടെടുക്കേണ്ട ഒരു കാര്യമാണിത്. മലബാറിലെ യാത്ര എന്നുപറയുന്നത് റെയിൽവേ ലെവൽക്രോസ് കൊണ്ട് വളരെ ദുഷ്ക്കരമാണ്. എത്രയോ ലെവൽക്രോസ്സുകൾ അവിടെയുണ്ട്. ആ ലെവൽ ക്രോസ്സുകൾ ഒന്നായിമാറ്റി ഓവർബ്രിഡ്ജ് ഉണ്ടാക്കുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ കേരള ഗവൺമെന്റിന്റെ മുമ്പിലുണ്ടെന്നും അതിനെക്കുറിച്ച് കേന്ദ്രവുമായി സംസാരിക്കുകയാണെന്നുമൊക്കെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെതന്നെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവനയുണ്ടായിരുന്നു. അതിന്റെ ഇപ്പോഴത്തെ നിജസ്ഥിതി എന്താണ്; മെട്രോ റെയിൽവേയ്ക്കൊക്കെ പോകുന്ന സമയത്ത് ഇപ്പോൾത്തന്നെ ഇവിടെ ദുഷ്ക്കരമായ മലബാറിലെ യാത്രാപ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി സുശീലാ ഗോപാലൻ : അതിന് പ്രത്യേകം ചോദ്യം വേണം.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

2 (* 409) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെയും പത്താം ധനകാര്യ കമ്മീഷന്റെയും ധനസഹായത്തോടുകൂടി എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

(ഡി) ഇതിന് വേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് മുഴുവൻ, ഘട്ടം ഘട്ടമായി വീട് നിർമ്മിച്ചുനൽകാൻ ആവശ്യമായ പദ്ധതിക്ക് രൂപം നൽകുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി & സി) 19,607 മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 13,191 വീടുകളുടെ പണി പൂർത്തിയായി. 6,416 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ഡി) 62. 22 കോടി രൂപ.

(ഇ) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പാർപ്പിടം ലഭ്യമാക്കണമെന്നാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യമേഖലയിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[17-7-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*408) ദയവായി കാണുക]

Note

Sub : Metro Railway Project at Kochi - LA Interpollution.

Vide G.O. (Rt.) No. 197/98/Transport dated 17-6-1998, Govt. of Kerala appointed RITES, New Delhi for a feasibility study for mass rapid transit system (MRTS) in Kochi. Cost of feasibility study was fixed at Rs. 65 lakhs with funding from the various State level agencies as follows :

	Rs. Lakhs
GCDA	10. 00
Kochi Corporation	10. 00
KSIDC	10. 00
District Panchayat, Ernakulam	5. 00
Near by Municipalities of Aluva Tripunithura, Kalamassery & Angamaly	2.50 (each)

GCDA was appointed as the nodal agency. Funding from Ministry of Urban Affairs, GOI was also proposed for the study.

The issues regarding reasonability of the price fixed for feasibility study as well as selection of agency was resolved in May 1999 and it was decided to reduce the feasibility study cost to Rs.60 lakhs. RITES is already proceeding with the study. KSIDC's share of Rs. 10 lakhs for the feasibility study was released to GCDA on 3rd February 1999.

Government has constituted a task force to monitor progress for the study in April 2000.

അനുബന്ധം II

വിഴിഞ്ഞം കലാപത്തെക്കുറിച്ച് അന്വേഷണം നടത്തിയ ഗോപാലകൃഷ്ണ പിള്ള കമ്മിഷൻ റിപ്പോർട്ട് സഭയിൽ വച്ചുകൊണ്ട് നിയമസഭാനടപടി ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്തവന

1995 മേയ്, ജൂലായ് മാസങ്ങളിൽ തിരുവനന്തപുരത്ത് വിഴിഞ്ഞത്തുണ്ടായ കലാപത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് യു.ഡി.എഫ്. ഭരണഘട്ടത്തിൽ നിലനിന്നിരുന്ന ഗുരുതരമായ ഒരു സാമൂഹ്യ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. രണ്ട് മതവിഭാഗങ്ങളിൽപ്പെട്ടവർ ചേരിതിരിഞ്ഞ് പരസ്പരം ആക്രമിക്കുകയായിരുന്നു അന്ന് എന്നതാണ് അത്.

ഇത്തരം ഒരു സംഭവം പോലും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലുണ്ടായിട്ടില്ല. വിഴിഞ്ഞം അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly